പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1865 **26-10-2026-ൽ മറുപടിയ്ക്ക്**

ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ജി. സുധാകരൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) ജി.എസ്.ടി. നികുതി വെട്ടിപ്പ്, വ്യാജ ഇൻവോയ്സ്, വ്യാജ ഐ.ടി.സി ക്ലെയിം തുടങ്ങിയവ കണ്ടെത്തുന്നതിനും തടയുന്നതിനുമായി സംസ്ഥാന ജി.എസ്.ടി വകുപ്പ് നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക സംവിധാനങ്ങൾ കൂടതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: സ്വീകരിച്ചിട്ടുണ്ട്. വ്യാജ രജിസ്ട്രേഷനുകൾ പ്രാരംഭ ഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് തടയുന്നതിനും അതുവഴി വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (ITC) ഉപയോഗിച്ചുള്ള നികുതി വെട്ടിപ്പ് നിയന്ത്രിക്കുന്നതിനുമായി സംസ്ഥാന ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കീഴിൽ Fake Registration Detecting Cell (FRDC) രൂപീകരിച്ചിട്ടുണ്ട്. ഇ-വേ ബിൽ പോർട്ടലിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത് പുതുതായി രജിസ്റ്റർ ചെയ്ത നികുതിദായകരുടെ ഇടപാടുകളും പ്രവർത്തനങ്ങളും ഈ സെൽ നിരീക്ഷിച്ചുവരുന്നു.

(ബി) ഡാറ്റ അനലിറ്റിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സംശയാസ്പദമായ ഇടപാടുകൾ കണ്ടെത്തുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുമോ;

മറുപടി: സംസ്ഥാന ജി.എസ്.ടി വകുപ്പിന്റെ Data Analytics വിഭാഗം നിലവിൽ ലഭ്യമായ ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനായി, കേരളാ ഡിജിറ്റൽ സർവകലാശാലയുമായി ചേർന്ന് ഒരു സമ്പൂർണ വിശകലന സംവിധാനം വഴി ലഭ്യമാകുന്ന ഡാറ്റാ അധിഷ്ഠിത വിവരങ്ങൾ ഉപയോഗിക്കുന്നു.

GST Common Portal കൂടാതെ Specialized Analytics Portal കളായ BIFA (Business Intelligence and Fraud Analytics), E -Way Bill Analytics Portal, GST Prime എന്നീ ആധുനിക software സംവിധാനങ്ങളും നിലവിൽ ഉപയോഗിച്ചു വരുന്നു.

(സി) കഴിഞ്ഞ 5 വർഷത്തിനിടെ ഇത്തരത്തിലുള്ള പരിശോധനകളിലൂടെ കണ്ടെത്തിയ നികുതി വെട്ടിപ്പ് എത്ര തുകയുടേതാണ്; ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി, വെട്ടിച്ച യഥാർത്ഥ തുക എത്രയെന്ന് കണ്ടെത്തുമോ;

മറുപടി: DGGI ഉൾപ്പെടെ ഉള്ള അതോറിറ്റികൾ കൈമാറുന്ന അന്യസംസ്ഥാനവുമായി ബന്ധപ്പെട്ട വ്യാജ രജിസ്ട്രേഷൻ, വ്യാജ ITC ക്ലെയിം, വകുപ്പിന്റെ ടാക്സ് പേയർ വിഭാഗം നടത്തുന്ന റിട്ടേൺ

scrutiny, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, Specialized Analytical portal കളായ BIFA (Business Intelligence and Fraud Analytics), E -Way Bill Analytics Portal, GST Prime എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വകുപ്പ് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം 2023-24 സാമ്പത്തിക വർഷം മുതൽ വ്യാജ രജിസ്ട്രേഷനുകളുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി ഏകദേശം 725 വ്യാജ രജിസ്ട്രേഷനുകൾ റദ്ദാക്കുകയും, വ്യാജ ഐ.ടി.സി. തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് .2024-25 സാമ്പത്തിക വർഷത്തിൽ വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് "Operation Palm Tree" എന്ന പേരിൽ സംസ്ഥാനത്തുടനീളം 85 സ്ഥലങ്ങളിൽ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്തി. പ്രസ്തുത പരിശോധനകളുടെ അടിസ്ഥാനത്തിൽ മൂന്ന് അറസ്റ്റുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. സംവിധാനം നിലവിൽ വന്നതിനുശേഷം കേരള സംസ്ഥാന ജി.എസ്.ടി. വകുപ്പ് നടത്തിയ ആകെ 15 അറസ്റ്റുകളിൽ 12 എണ്ണവും വ്യാജ Input Tax Credit (ITC) ഉൾപ്പെട്ട കേസുകളുമായി ബന്ധപ്പെട്ടവയാണ്.

മുകളിൽ പറഞ്ഞ രീതിയിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി ഇന്റലിജൻസ്, ഓഡിറ്റ് വിഭാഗങ്ങൾ ഇഷ്യൂ ചെയ്യുന്ന നോട്ടീസ്, റിട്ടേൺ സ്ക്രൂട്ടിണിയുടെ ഭാഗമായുള്ള നോട്ടീസ് എന്നിവ അഡ്ജൂഡിക്കേറ്റ് ചെയ്യുക വഴി 2021-2022 മുതൽ 2025-2026 വരെയുള്ള കാലയളവിൽ 6888.78 കോടി രൂപയുടെ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

(ഡി) നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി ഗ്രൂഡ്സ് ആന്റ് സർവീസസ് ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പർ ഇ-വേ ബിൽ, ഇ-ഇൻവോയിസ് തുടങ്ങിയ സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഏകോപിപ്പിച്ച് ഉപയോഗിക്കുന്നതിനു പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

<u>മറുപടി:</u> നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനായി GSTIN, ഇ-വേ ബിൽ, ഇ-ഇൻവോയിസ് തുടങ്ങിയ സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഏകോപിപ്പിച്ച് വിശകലനം ചെയ്യുന്നതിനായി വകുപ്പ് നിലവിൽ GST Common Portal, BIFA, E-Way Bill, Tax Analyser Portal, GST Prime തുടങ്ങിയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. സംശയാസ്പദമായ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ സിസ്റ്റം generate ചെയ്യുന്ന red flag റിപ്പോർട്ട് ഓഫീസേഴ്സിന് ലഭ്യമാക്കുന്നു. ഈ സംവിധാനങ്ങളിലൂടെ ഇടപാടുകളിലെ പൊരുത്തക്കേടുകളും തെറ്റായ പ്രവണതകളും കണ്ടെത്തി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവരങ്ങളുടെ ഏകോപനവും വിശകലനവും കൂടുതൽ കാര്യക്ഷമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട് . കൂടാതെ, സംസ്ഥാന ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംശയാസ്പദമായ ഇടപാട് രീതികൾ പ്രകടിപ്പിക്കുന്ന പുതുതായി രജിസ്റ്റർ ചെയ്ത നികുതിദായകരെ നിരീക്ഷിക്കുന്നതിനായി Fake Registration Detecting Cell (FRDC) രൂപീകരിച്ചിട്ടുണ്ട്. ഇ-വേ ബിൽ പോർട്ടലിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ ഏകോപിപ്പിച്ച് ഇതുവരെ സംസ്ഥാനത്തുടനീളം ഏകദേശം 331 നികുതിദായകരെ പരിശോധനയ്ക്കായി ബന്ധപ്പെട്ട ഫീൽഡ് ഫോർമേഷനുകൾക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 140 നികുതിദായകർ വ്യാജ സ്ഥാപനങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വ്യാജ രജിസ്ട്രേഷനുകൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനും തടയുന്നതുമാണ് ഈ സെല്ലിന്റെ ലക്ഷ്യം.

സെക്ഷൻ ഓഫീസർ